# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1260** — **10.08.2017-ൽ മറുപടിക്ക്**

**കയ്യേറ്റം ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട സ്ഥലം മാറ്റം**

| ചോദ്യം<br>**ശ്രീ.അനൂപ് ജേക്കബ്** | | മറുപടി<br>**ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
|---|---|---|
| എ) | ഇടുക്കി ജില്ലയിൽ സബ് കളക്ടറുൾപ്പെടെയുള്ള ചില റവന്യൂ ഉദ്യോഗസ്ഥർക്ക് കയ്യേറ്റം ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട് സ്ഥലം മാറ്റം നൽകിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി)യും<br>ഭരണപരമായ കാരണങ്ങളാലാണ് ഇടുക്കി ജില്ലയിലെ ദേവികുളം സബ്കളക്ടറെ മന്ത്രിസഭായോഗ തീരുമാന പ്രകാരം സ്ഥലം മാറ്റിയത്. |
| ബി) | എങ്കിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് സബ് കളക്ടർക്കും റവന്യൂ ഉദ്യോഗസ്ഥർക്കും സ്ഥലം മാറ്റം നൽകിയത് എന്ന വ്യക്തമാക്കുമോ; | |
| സി) | സബ് കളക്ടറുടെ സ്ഥലം മാറ്റത്തിനുശേഷം എത്ര ഏക്കർ ഭൂമി സർക്കാർ തിരിച്ചു പിടിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | സി) ഉടുമ്പൻചോല താലൂക്കിലെ ചിന്നക്കനാൽ വില്ലേജിൽ മുമ്പ് കയ്യേറ്റം ഒഴിപ്പിച്ച് തിരികെയെടുത്ത 13 ഏക്കർ സർക്കാർ ഭൂമിയിൽ വീണ്ടും അനധികൃത കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടതിനാൽ ടി അനധികൃത പ്രവേശനം ഉടുമ്പൻചോല തഹസീൽദാർ മുഖാന്തിരം ഒഴിപ്പിച്ചിട്ടുള്ളതാണ്. ദേവികുളം താലൂക്കിൽ കെ.ഡി.എച്ച് വില്ലേജിൽ മൂന്ന് കേസുകളിലായി സർക്കാർ ഭൂമിയിലുള്ള അനധികൃത ചെറുകിട കയ്യേറ്റങ്ങൾ സമ്മറിയായി ഒഴിപ്പിച്ചിട്ടുള്ളതും വിസ്തീർണ്ണം തിട്ടപ്പെടുത്തിയിട്ടില്ലാത്തതുമാണ്. |

**സെക്ഷൻ ഓഫീസർ**